(ഡി) സംസ്ഥാനത്ത് എത്ര സ്വകാര്യ ആശുപത്രികൾ ആരംഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ നിയമനം

112(1391) ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II പി.എസ്.സി ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

(ബി) ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ഇതിൽ സംവരണ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 3-11-2003-ലാണ് പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നത്.

(ബി) 20 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) സംവരണ വിഭാഗത്തിൽപ്പെട്ട 8 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ നിലവിലില്ല.

(1392-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല)

മലപ്പുറം ജില്ലയിലെ ഒഴിവുകൾ നികത്താൻ നടപടി

113(1393) ശ്രീ. ഇസഹാക് കുരിക്കൾ:

ശ്രീ. പി. കെ. അബ്ദുറബ്ബ്:

ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. സി. മമ്മൂട്ടി:

ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/498/2014—21

LIBRARY ARCHIVES Kerala Legislative Assembly

(എ) മലപ്പുറം ജില്ലയിൽ എത്ര പി.എച്ച്.സി.-കൾ ഉണ്ട്;

(ബി) പി.എച്ച്.സി.-കളിലും സർക്കാർ ആശുപത്രികളിലും ഡോക്ടർമാരുടെ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) അവ ഏതെല്ലാം ആശുപത്രികളിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ബ്ലോക്ക് പി.എച്ച്.സി.-കൾ ഉൾപ്പെടെ 95 പി.എച്ച്.സി.-കൾ ഉണ്ട്.

(ബി) 21 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(സി) സിവിൽ സർജൻ

പി.എച്ച്.സി., എടവണ്ണ	-	2
സി.എച്ച്.സി., മലപ്പുറം	-	1
താലൂക്ക് ആശുപത്രി, പൊന്നാനി	-	1
താലൂക്ക് ആശുപത്രി, പെരിന്തൽമണ്ണ	-	1
സി.എച്ച്.സി., വണ്ടൂർ	-	1
ജില്ലാ ആശുപത്രി, മഞ്ചേരി	-	2

അസിസ്റ്റന്റ് സർജൻ

പി.എച്ച്.സി., തിരുവാളി	-	1
പി.എച്ച്.സി., ആതവനാട്	-	1
പി.എച്ച്.സി., ചുങ്കത്തറ	-	2
പി.എച്ച്.സി., പോത്തുങ്കൽ	-	1
പി.എച്ച്.സി., കരുവാരക്കുന്ന്	-	2
പി.എച്ച്.സി., വെളിയാംകോട്	-	1
സി.എച്ച്.സി., നെടുവ	-	1
താലൂക്ക് ആശുപത്രി, തിരൂരങ്ങാടി	-	1
റ്റി. ബി. സെന്റർ, പൊന്നാനി	-	1
പി.എച്ച്.സി., വഴിക്കാവ്	-	1
പി.എച്ച്.സി., മേലാറ്റൂർ	-	1

(ഡി) സിവിൽ സർജന്റെ ഒഴിവുകൾ പ്രമോഷൻ വഴി നികത്തുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അസിസ്റ്റന്റ് സർജന്റെ ഒഴിവുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. മുഖാന്തിരം 2 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേരി മണ്ഡലത്തിലെ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവ് നികത്താൻ നടപടി

114(1394) ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ തൃപ്പനച്ചി, കുഴിമണ്ണ, ചീക്കോട്, കാവനൂർ, അരീക്കോട് ഹെൽത്ത് സെന്ററുകളിൽ/ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകളുണ്ടോ;

(ബി) ഡോക്ടർമാർ ഇല്ലാത്തതിനാൽ എത്ര ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രികളിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്തി രോഗികളെ കിടത്തി ചികിത്സിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മാത്രമേ രോഗികളെ കിടത്തി ചികിത്സിക്കുന്നുള്ളൂ. മറ്റ് കേന്ദ്രങ്ങളിൽ അനുബന്ധ സൗകര്യങ്ങൾ ലഭ്യമല്ല.

ദന്തൽ കോളേജുകളിലെ ഒഴിവുകൾ നികത്താൻ നടപടി

115(1395) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദന്തൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിൽ നിയമനം നടത്തുന്നതിന് എത്ര പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്നും, അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) വിവിധ വിഭാഗങ്ങളിലെ തസ്തികളിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ദന്തൽ കോളേജുകളിലെ പ്രൊമോഷനുവേണ്ടിയുള്ള ഡി.പി.സി. യഥാസമയം കൂടാറുണ്ടോ; ഉണ്ടെങ്കിൽ അവസാനമായി കൂടിയത് എന്നാണ്;

(ഡി) ഡി.പി.സി. യഥാസമയം കൂടാത്തതുകൊണ്ട് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly